# കാലഘട്ടത്തിന്റെ താല്പര്യം

മൗലാനാ അബ്ദുസ്സലാം കിദ്വായി

**ഒരിക്കൽ** നബി(സ) തന്റെ രണ്ടു അംഗുലികൾ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: "ഈ രണ്ട് അംഗുലികൾ എങ്ങനെയോ അതുപോലെയാണ് ഞാനും അന്ത്യദിനവും." എനിക്ക് ശേഷം അന്ത്യദിനം വരെ ഇനിയൊരു പ്രവാചകനും ആഗതനാവാനില്ല; ലോകാവസാനം വരെ ഇനി എന്റെ ശരീഅത്ത് മാത്രമേ നടപ്പിലുണ്ടാവൂ- ഇതായിരുന്നു പ്രസ്തുത തിരുവചനത്തിന്റെ പൊരുൾ. ഇതേ ആശയം തന്നെ മറ്റൊരു ചിത്രീകരണത്തിലൂടെ തിരുമേനി ഇങ്ങനെ വിവരിക്കുന്നു.

"ഒരാൾ വളരെ മനോഹരമായൊരു വീടുപണിതു. പക്ഷെ അതിന്റെ ഒരുമൂല മാത്രം ഇഷ്ടിക പതിക്കാതെ ഒഴിഞ്ഞു കിടന്നിരുന്നു. സന്ദർശകർക്കെല്ലാം വീടു വളരെ ഇഷ്ടപ്പെട്ടു. പക്ഷെ, (ഇഷ്ടിക പതിക്കാതെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ചൂണ്ടിക്കൊണ്ട്) അവർ പറഞ്ഞു: അവിടെ കൂടി ഇഷ്ടിക പതിക്കാത്തതെന്ത് കൊണ്ടാണ്? (അറിയുക) ആ ഇഷ്ടിക ഞാനാണ്. ഞാൻ അന്ത്യപ്രവാചകനാകുന്നു."

ബുഖാരിയും മുസ്ലിമും നിവേദനം ചെയ്ത മറ്റൊരു തിരുവചനത്തിൽ ഇതിന്റെ വിശദീകരണം ഇങ്ങനെ വായിക്കാം:

"ഇസ്രായീൽ സന്തതികളെ മാർഗദർശനം ചെയ്യാൻ പ്രവാചകന്മാർ നിയുക്തരായി. ഒരു പ്രവാചകൻ ഇഹലോക വാസം വെടിഞ്ഞാൽ അദ്ദേഹത്തിന്റെ സ്ഥാനത്ത് മറ്റൊരു പ്രവാചകൻ നിയോഗിക്കപ്പെടുമായിരുന്നു. പക്ഷെ എനിക്കു ശേഷം ഒരു പ്രവാചകനും ഉണ്ടാവുന്നതല്ല." ഈ അരുളപ്പാടുകളുടെ ഉദ്ദേശ്യം ഇതത്രെ: ദിവ്യ സന്നിധിയിൽനിന്നും ഇനിയൊരു പ്രവാചകനും ആഗതനാവാനില്ല. ഒരു ഗ്രന്ഥവും അവതരിക്കാനില്ല. വിശുദ്ധ ഖുർആനിലെ അധ്യാപനങ്ങളുടെ വെളിച്ചത്തിലായിരിക്കണം ഇനി മുതൽ എല്ലാ കാലത്തും ജീവിതത്തിന്റെ ചട്ടക്കൂട് തയ്യാറാക്കേണ്ടത്. നബി(സ) ഖുർആന്റെ മൂലതത്വങ്ങളെ തന്റെ കാലഘട്ടത്തിലെ പരിതഃസ്ഥിതികളും താല്പര്യങ്ങളുമായി പൊരുത്തപ്പെടുത്തി, സമുദായത്തിനു ഒരു മാതൃക സൃഷ്ടിച്ചുകൊടുത്തു. വിശുദ്ധ ഖുർആൻ തന്നെ ഒറ്റയടിക്ക് ഒരു സമ്പൂർണ ഗ്രന്ഥ രൂപത്തിലല്ല അവതീർണമായത്. പ്രത്യുത, വിവിധ സംഭവങ്ങളോടനുബന്ധിച്ച് ഇരുപത്തിമൂന്നു വർഷങ്ങൾക്കുള്ളിൽ ക്രമേണയായിട്ടായിരുന്നു അതിന്റെ അവതരണം. വ്യക്തമായ മാർഗദർശനങ്ങളുടെ വെളിച്ചത്തിൽ ജീവിത പ്രശ്നങ്ങൾ മനസ്സിലാക്കുക, തദനുസാരം ഒരു കർമരൂപം സൃഷ്ടിക്കുക, മൂലതത്വങ്ങളിൽനിന്ന് ശാഖാനിയമങ്ങൾ നിർദ്ധാരണംചെയ്യാനുള്ള കഴിവ് ആർജ്ജിക്കുക, നിയമത്തേയും പൊതുതാല്പര്യങ്ങളേയും സംബന്ധിച്ച് അഗാധമായ വീക്ഷണം സിദ്ധിക്കുക, ദൈവിക നിയമങ്ങളുടെ സൂചനകളും ആന്തരോദ്ദേശ്യങ്ങളും ഗ്രഹിക്കുക, നിയമാവിഷ്കാരത്തിന്റെ അടിസ്ഥാന വർത്തികളായ കാരണങ്ങളും സംഭവങ്ങളും മനസ്സിലാക്കുക, നവംനവങ്ങളായ ജീവിത പ്രശ്നങ്ങൾക്ക് ഇസ്ലാമിന്റെ ശാശ്വത നിയമങ്ങളുടെ വെളിച്ചത്തിൽ പരിഹാരം കാണാനുള്ള കഴിവാർജ്ജിക്കുക മുതലായ ലക്ഷ്യങ്ങൾ മുമ്പിൽവെച്ചാണ് വിശുദ്ധ ഖുർആൻ ഇത്തരമൊരു അവതരണക്രമം സ്വീകരിച്ചത്.

തിരുമേനിക്ക് വിശുദ്ധ ഖുർആൻ അവതരിച്ചു. അതിന്റെ ആശയങ്ങളും താല്പര്യങ്ങളും തിരുമേനി നന്നായി മനസ്സിലാക്കിയിരുന്നു. അവതരണ പശ്ചാത്തലങ്ങളെപ്പറ്റി അദ്ദേഹം പൂർണബോധവാനായിരുന്നു. നിയമത്തിലും പൊതുനന്മകളിലുമുള്ള അദ്ദേഹത്തിന്റെ വീക്ഷണം അഗാധമായിരുന്നു. വർത്തമാനകാലം അദ്ദേഹത്തിന്റെ മുമ്പിലുണ്ട്. ഭാവിയെപ്പറ്റി പൂർണമായ ധാരണയുണ്ട്. ദിവ്യവചനങ്ങളുടെ അർത്ഥവ്യാപ്തിയും സമഗ്രതയും എത്രത്തോളമാണെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. സ്ഥലകാല താല്പര്യങ്ങളെപ്പറ്റി, ഭാവിയിലെ സാധ്യതകളെപ്പറ്റി തിരുമേനിക്ക് ഉൾക്കാഴ്ചയുണ്ടായിരുന്നു. ദൈവിക നിയമങ്ങളുടെ പ്രഥമ സംബോധിതരായിരുന്ന, ആർജ്ജവം സിദ്ധിച്ച ഇസ്ലാമിക സമൂഹവും അദ്ദേഹത്തിന്റെ മുമ്പിലുണ്ടായിരുന്നു. തന്റെ കർമ്മരൂപം സദാ വഴിയടയാളമായി വർത്തിക്കണം; എന്നാൽ ഗവേഷണ കവാടം കൊട്ടിയടക്കപ്പെടരുത്. പ്രവാചക മാതൃക പുതിയ തലമുറകൾക്ക് മാർഗദീപമായി വിളങ്ങണം; പക്ഷെ ജടിലതക്ക് കാരണമായിത്തീരരുത്. പ്രമാണങ്ങൾ കൺപാർത്തുകൊണ്ടിരിക്കണം; പാദങ്ങളൊട്ടു നേർവഴിയിൽനിന്ന് വ്യതിചലിക്കയുമരുത്. നിയമം കണിശമായിരിക്ക

ണം. എന്നാൽ നിശ്ചലമാവരുത്. അതിന്റെ ഹസ്തം ബലിഷ്ഠമായിരിക്കണം. എന്നാൽ വികസ്വരത നഷ്ടപ്പെടാൻ പാടില്ലതാനും. ഖുർആന്റെ ശാശ്വതപ്രമാണങ്ങൾക്ക് പ്രസ്തുത സമൂഹത്തിൽ ഇവ്വിധം കാലദേശബന്ധിതമായൊരു കർമ്മരൂപമാവിഷ്കരിക്കാനായിരുന്നു തിരുമേനി ആഗ്രഹിച്ചത്. ഈ ജോലി ക്ഷിപ്രസാദ്ധ്യമായ ഒന്നായിരുന്നില്ല. മുഴുവൻ സമൂഹവും ശരീഅത്തിന്റെ വരുതിക്കുള്ളിൽ വരത്തക്കവിധം ലക്ഷോപലക്ഷം ജനങ്ങളുടെ ചലനബദ്ധമായ ജീവിതത്തിൽ ഇസ്ലാമിന്റെ മൂലതത്വങ്ങൾ കാലദേശപരിഗണനകൾ മുമ്പിൽവച്ചു നടപ്പിലാക്കുക; അക്കാലത്തെ ജനങ്ങളുടെ പരിതഃസ്ഥിതികളും ആവശ്യകതകളും പരിഗണിച്ച് നിയമനിർമാണം നടത്തുന്ന അതേ അവസരത്തിൽതന്നെ അനാഗത കാലത്തെ സംബന്ധിച്ചു അശ്രദ്ധനാവാതിരിക്കുക; ഭാവിതലമുറകൾക്ക് പ്രയാസം വരുത്തിവെക്കുന്ന യാതൊന്നും സംഭവിക്കാതെ സൂക്ഷിക്കുക. ഇത് കുറേ പ്രയാസമുള്ള കാര്യംതന്നെ. ജനങ്ങൾ ചിലപ്പോൾ തിരുമേനിയോട് ചില ചോദ്യങ്ങൾ ഉന്നയിക്കാറുണ്ടായിരുന്നു. അവരുടെ ബുദ്ധിപരമായ നിലവാരത്തിനും സാമൂഹിക പരിതഃസ്ഥികൾക്കു മനുസരിച്ചുള്ള ചോദ്യങ്ങളായിരുന്നു അവയെന്ന് വ്യക്തം. പ്രസ്തുത ചോദ്യങ്ങൾക്ക് ദൈവസന്നിധിയിൽ നിന്നോ നല്കപ്പെടുന്ന മറുപടികൾ സ്വതന്ത്രമായൊരു നിലപാട് ആവശ്യപ്പെടുന്നവയായിരിക്കും. അറബികളുടെ പ്രസ്തുത സാമൂഹിക പരിതഃസ്ഥിതിയിൽ പരിവർത്തനം സംഭവിക്കുമ്പോൾ ഭാവി തലമുറകൾക്ക് ഈ മറുപടി വിഷമ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ കാരണമായിത്തീരുകയും ചെയ്യും. അതിനാൽ നിരന്തരമായി ചോദ്യങ്ങളുന്നയിക്കുന്ന പ്രവണതയിൽനിന്ന് വിരമിക്കാൻ ഖുർആൻ അനുശാസിച്ചു.

“നിങ്ങളുടെ തിരുദൂതരോട് നിങ്ങൾ ചോദ്യങ്ങൾ ചോദിക്കാതിരിക്കുക—ഇതിന്നുമുമ്പ് മൂസാ ചോദിക്കപ്പെട്ടപോലെ. ചില സംഗതികളെപ്പറ്റി നിങ്ങൾ ചോദിക്കരുത്. അവ നിങ്ങൾക്ക് വെളിവാക്കപ്പെട്ടാൽ നിങ്ങൾ വിഷമിക്കും.”

ഇതേ ആശയങ്ങളിലുള്ള നിരവധി ഖുർആൻ സൂക്തങ്ങളുണ്ട്. ഈ പ്രവണതയെ തിരുമേനിയും വളരെ കർശനമായി വിലക്കുകയുണ്ടായി. അല്ലാഹുവിന്ന് അനിഷ്ടകരമായ ചില സംഗതികൾ പരാമർശിക്കവെ തിരുമേനി ഒരിക്കൽ പറഞ്ഞു:

“കിംവദന്തികൾ പ്രചരിപ്പിക്കുന്നതും ചോദ്യം പെരുപ്പിക്കുന്നതും നിങ്ങൾക്ക് അനഭിലഷണീയമാക്കപ്പെട്ടിരിക്കുന്നു.”

മറ്റൊരിക്കൽ ഇങ്ങനെ പറഞ്ഞു:

“ഞാൻ നിങ്ങളെ വെറുതെ വിടുവോളം നിങ്ങളെന്നെയും വെറുതെ വിടുക. നിങ്ങളുടെ പൂർവികർ നാശമടയാൻ കാരണം അവരുടെ ചോദ്യാധിക്യമായിരുന്നു.”

തിരുമേനിയുടെ നിർദേശങ്ങളുടെ പൊരുൾ ഇതായിരുന്നു:

അത്യാവശ്യ കാര്യങ്ങൾ വല്ലതുമുണ്ടെങ്കിൽ അതെല്ലാം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരുന്നതാണ്. നിങ്ങൾ സ്വന്തം നിലക്ക് ചോദ്യങ്ങളുന്നയിക്കേണ്ടതില്ല. എന്ത്കൊണ്ടെന്നാൽ പിൻതലമുറക്ക് വിഷമം സൃഷ്ടിക്കുന്ന ധാരാളം അനാവശ്യങ്ങൾ ശരീഅത്തിൽ പ്രവേശിക്കാൻ അത് കാരണമായേക്കും.

ഒരുദാഹരണം: ഒരിക്കൽ തിരുമേനി ഹജ്ജ് സംബന്ധമായ ചില കാര്യങ്ങൾ പറയുകയായിരുന്നു. അല്ലാഹു നിങ്ങളുടെ മേൽ ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നുവെന്ന് തിരുമേനി പറഞ്ഞപ്പോൾ ഒരാൾ ചോദിച്ചു: “അല്ലാഹുവിന്റെ ദൂതരേ, എല്ലാ വർഷവും?” തിരുമേനി ഒന്നും പറഞ്ഞില്ല. അയാൾ മൂന്നു പ്രാവിശ്യം ചോദ്യമാവർത്തിച്ചപ്പോൾ തിരുമേനി മൗനം ഭഞ്ജിച്ചു: “ഉവ്വ് എന്ന് ഞാൻ മറുപടി പറഞ്ഞാൽ അത് നിങ്ങളുടെ മേൽ ബാധ്യസ്ഥമായിത്തീരുകയും നിങ്ങൾക്കത് നിർവഹിക്കാൻ സാദ്ധ്യമല്ലാതായിത്തീരുകയും ചെയ്യും. അതിനാൽ ഞാൻ നിങ്ങളെ വെറുതെ വിടുവോളം നിങ്ങളെന്നെയും വെറുതെ വിടുക.” അതായത് ഞാൻ നിങ്ങളോട് ഒന്നും പറയാതിരിക്കുമ്പോൾ നിങ്ങൾ ചോദ്യം ചോദിക്കാതിരിക്കുക. അനന്തരം തിരുമേനി പറഞ്ഞു: “ഞാൻ നിങ്ങളോട് വല്ലതും അനുശാസിച്ചാൽ കഴിയുന്നേടത്തോളം നിങ്ങളത് നിർവഹിക്കുക. വല്ലതും തടഞ്ഞാൽ അതിൽനിന്നകന്ന് നിൽക്കുക” – മുസ്ലിം.

ഇക്കാരണത്താൽ നബി(സ) യുടെ അനുചരന്മാർ വിരളമായേ ചോദ്യങ്ങൾ ഉന്നയിച്ചിരുന്നുള്ളൂ. വിശുദ്ധ ഖുർആനിൽ ഏതാനും ചോദ്യങ്ങൾ മാത്രമേ അവരുടേതായി പരാമർശിക്കപ്പെട്ടിട്ടുള്ളൂ. അവയ്ക്കുള്ള മറുപടികളാവട്ടെ അത്യന്തം സമഗ്രമാണു താനും. ഉദാഹരണം:

“എന്താണ് തങ്ങൾ വ്യയം ചെയ്യേണ്ടതെന്ന് അവർ ചോദിക്കുന്നു. പറയുക: മിച്ചം”

“തങ്ങൾക്കനുവദനീയമായിട്ടുള്ളതെന്താണെന്ന് അവർ ചോദിക്കുന്നു. പറയുക: ഉത്തമമായവ നിങ്ങൾക്കനുവദനീയം തന്നെ.”

“ആത്മാവിനെപ്പറ്റി അവർ ചോദിക്കുന്നു. പറയുക. ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യങ്ങളിൽ പെട്ടതാണ്.”

ഇപ്രകാരം ഖുർആനിലാകെ പതിമൂന്നു പതിനാലു ചോദ്യങ്ങൾ മാത്രമാണ് ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. അവയ്ക്കെല്ലാം സമഗ്രമായ മറുപടിയും നല്കപ്പെട്ടിരിക്കുന്നു. അനാവശ്യ ചോദ്യങ്ങളിൽനിന്ന് തിരുമേനി തന്റെ അനുചരന്മാരെ വളരെ കർശനമായി തടഞ്ഞു. എത്രത്തോളമെന്നാൽ ചോദ്യങ്ങൾ വർജ്ജിക്കുക എന്നത് അവരുടെ സവിശേഷ സമ്പ്രദായം തന്നെ ആയിത്തീർന്നു.

വിശുദ്ധഖുർആനിൽ വിവിധ സമുദായങ്ങളെപ്പറ്റിയുള്ള അനുസ്മരണകളുണ്ട്. പ്രാപഞ്ചിക പ്രതിഭാസങ്ങളെപ്പറ്റി പരാമർശമുണ്ട്. ആദിയെപ്പറ്റിയും അന്ത്യത്തെപ്പറ്റിയുമുള്ള സൂചനകളുണ്ട്. നന്മതിന്മകളുടെയും സ്വർഗനരകങ്ങളുടേയും വർണ്ണനകളുണ്ട്. അവയിലൊന്നും ബുദ്ധിപരമായ അസംഭവ്യതകൾ കാണില്ല. എത്ര ഉയർന്ന ബുദ്ധിജീവിസമൂഹത്തിന്നും നിഷ്പ്രയാസം അവ ഉൾക്കൊള്ളാൻ സാധിക്കും. കാരണംഅവയുടെ പ്രതിപാദന ശൈലി അത്തരത്തിലാണ്. മുസ്ലിംകളുടെ നീണ്ട പതിനീലു നൂറ്റാണ്ടുകളിലെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. വൈജ്ഞാനികമായും ബുദ്ധിപരമായും വികാസം നേടിയ ഒരു കാലഘട്ടത്തിലും ഖുർആനിക സത്യങ്ങൾ യുക്തിക്കോ അനുഭവത്തിനോ വിരുദ്ധമായി ഒരിക്കലും കാണപ്പെട്ടിട്ടില്ല. ഖുർആനിലെ പ്രയുക്ത പദങ്ങളുടെ അർത്ഥസമ്പുഷ്ടിയും ആശയപരമായ അഗാധതയും വ്യാഖ്യാനങ്ങളുടെ പുതിയ മാർഗ്ഗങ്ങളിലേക്ക് വെളിച്ചം വീശി. “ഈ ഗ്രന്ഥത്തിന്റെ അത്ഭുതങ്ങൾ ഒരിക്കലും അസ്തമിക്കാൻ പോകുന്നില്ല.” എന്ന സൂക്തത്തിന്റെ സത്യസന്ധത ചരിത്രത്തിന്റെ ഓരോ ദശകളിലും സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

പരിതഃസ്ഥിതികൾ മാറുമ്പോൾ മനോ–മസ്തിഷ്കങ്ങളുടെ മൂശയും മാറു

ന്നു. അതിനാൽ, ഏതെങ്കിലും ഒരു സവിശേഷ കാലഘട്ടത്തിലെ മനോഭാവം, ചിന്ത, വിചാരഗതി, ആചാരങ്ങൾ, സാമൂഹ്യത, സംസ്കാരം, നാഗരികത ഇത്യാദികൾ മുമ്പിൽവെച്ച് ചിന്തക്കും കർമ്മത്തിന്നും ഒരു മാനദണ്ഡം നിശ്ചയിക്കുക എന്നാൽ പ്രസ്തുത കാലഘട്ടത്തിൽനിന്ന് ഭിന്നമായ മറ്റൊരു ഘട്ടത്തിൽ ഈ മാനദണ്ഡം അനിവാര്യമായും അവശേഷിക്കുകയില്ല എന്നാണർത്ഥം. അതിന്നു നിർബന്ധം പിടിച്ച മതവിഭാഗങ്ങളെല്ലാം മണ്ണടഞ്ഞ് കഥാവശേഷമായിത്തീരുകയാണുണ്ടായത്. അനുക്ഷണ പരിവർത്തിയായ ഈ ലോകത്ത് ഒരു നിശ്ചല വ്യവസ്ഥ എങ്ങനെ നിലനിൽക്കും? ഉൾത്തട്ടിൽ വികാസക്ഷമതയും ചലനാത്മകതയുമുള്ള ജീവിതവ്യവസ്ഥിതിക്ക് മാത്രമേ ശാശ്വതികത്വം കരസ്ഥമാക്കാൻ സാധിക്കൂ. അതിന്റെ മൂലശിലകളും ലക്ഷ്യങ്ങളും സുസ്ഥിരമായിരിക്കും. പക്ഷെ, അവക്ക് കർമ്മപരമായ ആവിഷ്കാരം നൽകുമ്പോൾ കാലത്തിന്റെ മാറ്റങ്ങളും മനുഷ്യന്റെ ആവശ്യങ്ങളും പരിഗണിക്കുന്നതായിരിക്കും. ഗവേഷണപടുക്കൾക്ക് കവാടം തുറന്നുകിടക്കും. പുതിയ പരിതഃസ്ഥികളിൽ പൊതുതത്വങ്ങളെയും മൂലപ്രമാണങ്ങളേയും പുതിയ ശാഖാപ്രശ്നങ്ങളുമായി സംയോജിപ്പിക്കാൻ അനുവാദമുണ്ടായിരിക്കും.

വിശുദ്ധ ഖുർആന്റെ ചരിത്രത്തിലും ഓരോ കാലഘട്ടങ്ങളിൽ രൂപം കൊണ്ട വ്യാഖ്യാനങ്ങളിലും വീക്ഷണം സിദ്ധിച്ചവർക്കറിയാം തനത് കാലങ്ങളിൽ ഖുർആൻ വചനങ്ങൾക്കുണ്ടായ പുതിയ പുതിയ വ്യാഖ്യാനങ്ങൾ എത്രയായിരുന്നുവെന്ന്. ഓരോ ചിന്തകനും സ്വന്തം ധാരണാശക്തിക്കനുസരിച്ച് ദൈവവചനങ്ങളുടെ വിവക്ഷ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ കാലഘട്ടത്തിലെയും വ്യാഖ്യാനങ്ങളുടെ വർണം വിഭിന്നങ്ങളായിരുന്നു; വ്യാഖ്യാതക്കളുടെ അഭിരുചിയും തഥൈവ. ആദ്യകാലങ്ങളിൽ നിവേദനം ചെയ്യപ്പെട്ട വ്യാഖ്യാനങ്ങൾ നോക്കുക. അവയിൽ വൈജ്ഞാനിക ചർച്ചകളോ തലനാരിഴ കീറുന്ന തർക്കവിതർക്കങ്ങളോ കാണുകയില്ല. ലളിത പ്രകൃതരായ അറബികൾ, ലളിത ഭാഷയിൽ അകൃത്രിമ ശൈലിയിലൂടെ ദുർഗ്രഹപദങ്ങളുടെ അർത്ഥം വിവരിക്കുകയും സങ്കീർണ വാക്യങ്ങൾ വിശദമാക്കുകയും ചെയ്യുന്നു! അവിടെനിന്ന് കുറേക്കൂടി മുമ്പോട്ടു വരുമ്പോൾ ഖുർആനിക കഥകളുടേയും വാക്യങ്ങളുടേയും വിശദീകരണത്തിൽ വേദക്കാരുടെ പ്രസ്താവനകളുടേയും ഇസ്രായീലീ രിവായത്തുകളുടേയും കൂമ്പാരം കാണാൻ സാധിക്കുന്നു. വിശുദ്ധ ഖുർആന്റെ സത്യസന്ധതക്ക് കോട്ടം തട്ടിക്കുന്നവയായിരിക്കും ഇവ. തിരുമേനി അങ്ങേയറ്റം അവിഹിതമായി വീക്ഷിച്ച ഒരു കാര്യമാണുതാനും ഇത്.*

ഇന്നു നമ്മുടെ തഫ്സീറുകളും ഹദീസ്ഭാഷ്യങ്ങളും ചരിത്രകൃതികളുമെല്ലാം ഇസ്രാഈലീ കഥകളാൽ നിറഞ്ഞുവെന്നതാണ് ഈ അഭിരുചിയുടെ അനന്തരഫലം; വസ്തുതകൾ അന്ധവിശ്വാസങ്ങളുടെ മൂടുപടത്തിൽ മറഞ്ഞുപോയി. ഈ മൂടുപടം മാറ്റി സത്യദർശനം സാധിക്കുക പ്രയാസമായിത്തീർന്നു. തിരുമേനിയുടെ നിലപാടിനെപ്പറ്റി മുമ്പ് പരാമർശിച്ചിട്ടുണ്ട്. പൊതുതത്വങ്ങൾ ആവശ്യത്തിൽ കവിഞ്ഞ് വിശദീകരിക്കുന്നത് തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. ദൈവിക വചനങ്ങളെ വിശദീകരിച്ചുകൊണ്ടുള്ള ഹദീസുകൾ ഇത്ര കമ്മിയാവാൻ കാരണവും അതുതന്നെ. സ്വഹീഹ് ബുഖാരിയിലെ തഫ്സീർ അധ്യായം പരിശോധിച്ചുനോക്കുക. തൽസംബന്ധമായി തിരുമേനിയിൽനിന്ന് നേരിട്ട് നിവേദനം ചെയ്ത വചനങ്ങൾ ഏതാനും പേജുകൾ കവിയുകയില്ല. ബാക്കി മുഴുവൻ പദങ്ങളുടെ അർത്ഥവും, നബിയുടെ അനുചരന്മാർ, അവരുടെ പിൻഗാമികൾ, അവരുടേയും പിൻഗാമികൾ തുടങ്ങിയവരുടെ വിശദീകരണ പ്രസ്താവങ്ങളുമാണ്.

ഇനി കുറേക്കൂടി മുന്നോട്ടുവന്ന് റോം–പേർഷ്യൻ നാഗരികതകളുടേയും യവന തത്വശാസ്ത്രങ്ങളുടേയും കാലഘട്ടത്തിൽ പ്രവേശിക്കുമ്പോൾ അക്കാലത്തെ തഫ്സീറുകളിൽ അന്ന് പ്രചാരമുള്ള കലാശാസ്ത്രങ്ങളുടേയും സംസ്കാര-നാഗരികതകളുടെയും സ്വാധീനം വ്യക്തമായി ദർശിക്കാം. അക്കാലത്തെ ശാസ്ത്രീയ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിലാണ് ഖുർആൻ വാക്യങ്ങൾക്ക് വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നത്. തത്വജ്ഞാനികളും മുഅ്തസിലുകളും അശ്കരികളും ളാഹിരികളും ബാത്വിനികളുമെല്ലാം താന്താങ്ങളുടെ വൈജ്ഞാനിക ഗവേഷണങ്ങളുടെ മാനദണ്ഡമനുസരിച്ച് ഖുർആന്റെ ആശയങ്ങളും താല്പര്യങ്ങളും വിശദീകരിച്ചുവന്നു. അബൂമുസ്‌ലിം ഇസ്ഫഹാനി, ജാറുല്ലാഹി സമഖ്ശരി, അബുൽഹസൻ അശ്അരി, ഫഖ്റുദ്ദീൻ റാസി, മുഹ്‌യിദ്ദീനുബ്നു അറബി തുടങ്ങിയവരുടെ തഫ്സീർഗ്രന്ഥങ്ങൾ വായിച്ചുനോക്കുക. ഒരേ സൂക്തത്തിനുതന്നെ എത്രയെത്ര വിഭിന്ന വ്യാഖ്യാനങ്ങൾ! ഈശരപ്രോക്തങ്ങൾക്ക് ഏതെല്ലാം വിധത്തിലുള്ള അർത്ഥകല്പനകൾ!

ഇത് വ്യാഖ്യാനങ്ങളുടെ കഥ. ഇനി ശരീഅത്ത് നിയമങ്ങളുടെ ചരിത്രം വായിച്ചുനോക്കുക. വിശുദ്ധ ഖുർആനിലെ നിയമങ്ങൾക്ക് എത്രവിധം ചിന്താസരണികളുടെ ന്യായചിന്തനങ്ങൾ. സഹാബികളുടെ കാലം തൊട്ടേ ആശയഗ്രഹണത്തിലുള്ള വൈജാത്യം പ്രകടമായിരുന്നു. പിൽക്കാലങ്ങളിൽ ചിന്തയുടെ ചക്രവാളങ്ങൾ കൂടുതൽ വികസിച്ചു. ഓരോ ചിന്തകനും പുതിയ പുതിയ അടിസ്ഥാനങ്ങൾ നിർമ്മിച്ചു. കർമ്മശാസ്ത്രമണ്ഡലത്തിലെ ആചാര്യന്മാർ വിശുദ്ധ ഖുർആനും തിരുവചനങ്ങളും പൂർവചാരികളുടെ കർമ്മസരണിയും മുമ്പിൽവെച്ചു അവയുടെ വെളിച്ചത്തിൽ നിയമങ്ങൾ ആവിഷ്കരിച്ചു. പക്ഷെ ഖുർആനിക പദങ്ങളുടെ യഥാർത്ഥ വിവക്ഷിതം, ഹദീസുകളുടെ പ്രാബല്യം, മുൻഗാമികളുടെ വീക്ഷണഗതി എന്നിവ മനസ്സിലാക്കുന്നതിൽ അവർക്കിടയിൽ വലിയ അന്തരം ഉണ്ടായിരുന്നു. ശരീഅത്തിന്റെ ഉദ്ദേശ്യമെന്ത്, കാലോചിതം അത് നടപ്പിൽ വരുത്തേണ്ടതെങ്ങനെ ഇത്യാദി വിഷയങ്ങളിലും അവർ ഭിന്നാഭിപ്രായക്കാരായിരുന്നു. ഭാഷാ– സാഹിത്യനിയമങ്ങളുടെ അടിസ്ഥാനത്തിലും ഒരേ വാക്യത്തിന്റെ ആശയം മനസ്സിലാക്കുന്നതിൽ ഭിന്നവീക്ഷണഗതിക്കാരായിരുന്നു അവർ. ഒരു പദം ഒരു വിഭാഗത്തിന്റെയടുക്കൽ അത് ആലങ്കാരികമായിരിക്കും. ഒരു പദത്തിനുതന്നെ നിരവധി അർത്ഥകല്പനകൾ ഉണ്ടാവാം. ചർച്ച ചെയ്യപ്പെടുന്ന സൂക്തം ഇതിൽ ഏതർത്ഥമാണുൾക്കൊള്ളുന്നതെന്ന് തീരുമാനിക്കണമെങ്കിൽ അതിനെപ്പറ്റി വിചിന്തനം നടത്തുകയും വിവക്ഷിതത്തെക്കുറിക്കുന്ന സമീപവാക്യങ്ങളുടെ സഹായം തേടുകയും ആവശ്യമാണ്. സ്വാഭാവികമായും അർത്ഥനിർണയത്തിൽ ഇവിടെ വൈവിധ്യം സംഭവിക്കുന്നു. വ്യാകരണത്തിന്റെയും ശബ്ദശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിലും തുല്യ സന്ദർഭങ്ങളിൽതന്നെ ഒരേവാക്യം അനേകം ആശയങ്ങളിൽ മനസ്സിലാക്കപ്പെടുന്നു. തഫ്സീർഗ്രന്ഥങ്ങൾ ഈ വശത്തിലും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. തദ്വിഷയക

മായി സ്വതന്ത്രമായ ഗ്രന്ഥങ്ങൾപോലും രചിക്കപ്പെടാൻ മാത്രം പ്രധാനമായിരുന്നു ഇത്. തഫ്സീർ ജമൽ, ബഹ്റുൽ മുഹീത് മുതലായവ ഇവ്വിഷയകമായി രചിക്കപ്പെട്ട പ്രശസ്ത ഗ്രന്ഥങ്ങളാണ്.

ഹദീസുനിവേദനത്തിന്റെ ബലാബല മാനദണ്ഡങ്ങളും വ്യത്യസ്തങ്ങളാണ്. ഒരു മുജ്തഹിദിന്റയടുക്കൽ വിശ്വസ്തനായ റിപ്പോർട്ടർ മറ്റൊരാളുടെയടുക്കൽ പരിഗണനാർഹനായിക്കൊള്ളണമെന്നില്ല. സ്ഥലകാല സന്ദർഭങ്ങളും പരിഗണനാർഹമായ ഒരു ഘടകമാണ്. റിപ്പോർട്ടർ ഇന്ന കാര്യം എപ്പോൾ ഏത് പരിതഃസ്ഥിതിയിൽ പറഞ്ഞു? റിപ്പോർട്ടിന്റെ സാമാന്യ വശത്തിന്നോ പ്രത്യേകവശത്തിന്നോ ഏതിന്നാണ് പ്രാധാന്യം? ഇങ്ങനെ നിരവധി കാര്യങ്ങൾ മുന്നിൽവെക്കേണ്ടതുണ്ട്. ഏതാനും ഉദാഹരണങ്ങളിലൂടെ ഇത് വിശദീകരിക്കാം.

ഒരാൾ പറഞ്ഞു; മരിച്ചവനെ പ്രതി വീട്ടുകാർ വിലപിച്ചാൽ പരേതൻ ശിക്ഷിക്കപ്പെടുന്നതാണ്. ഈ പ്രസ്താവം ചിലർ ആയിശ(റ)യുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അവർ പറഞ്ഞു: ഒരു യഹൂദി മരണമടഞ്ഞപ്പോൾ അയാളുടെ വീട്ടുകാർ നിലവിളികൂട്ടി. അപ്പോൾ തിരുമേനി ഇങ്ങനെ പറഞ്ഞു: "ഇക്കൂട്ടർ കരയുകയാണ് .അതേയവസരത്തിൽ പരേതൻ ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയും." ഈ രണ്ട് വാക്യങ്ങളും രണ്ട് വ്യത്യസ്ത കാര്യങ്ങളെയാണ് പരാമർശിക്കുന്നത്. പക്ഷെ ശ്രോതാക്കൽ രണ്ടും പരസ്പര ബന്ധിതങ്ങളാണെന്ന് തെറ്റിദ്ധരിച്ച് വിലാപം പരേതാത്മാവിന്റെ ശിക്ഷയ്ക്ക് കാരണമാണെന്നു സ്ഥാപിച്ചുകളഞ്ഞു!

വ്യാകരണപരമായ കാരണങ്ങളാൽ ഉൽഭവിക്കുന്ന വീക്ഷണ വൈവിധ്യത്തിന്നൊരുദാഹരണമാണ് വ്രതം അവസാനിപ്പിക്കുന്ന സമയം. 'സുന്നി'കൾ വ്രതമവസാനിപ്പിക്കുന്നത് സൂര്യാസ്തമനത്തിന്നാണ്. ശിയാക്കളാവട്ടെ അസ്തമിച്ച് അല്പം മിനിട്ടുകൾകൂടി കാത്തിരിക്കുന്നു. "രാത്രിവരെ നിങ്ങൾ നോമ്പ് പൂർത്തിയാക്കുക" എന്ന ഖുർആൻ സൂക്തമാണ് ഇരു വിഭാഗത്തിന്റെയും വാദത്തിന്നാധാരം. പക്ഷെ 'വരെ' എന്ന അവ്യയത്തിന്റെ വിവക്ഷിതത്തിൽ അവർ ഭിന്നാഭിപ്രായക്കാരാണ്. പ്രസ്തുത അവ്യയത്തിന്റെ മുമ്പിലുള്ള പദം അതിന്റെ ശേഷമുള്ള പദത്തിൽ പ്രവേശിക്കുകയില്ല എന്നാണ് സുന്നികളുടെ വാദം. അതായത് അവരുടെ വീക്ഷണത്തിൽ രാത്രി ആരംഭിക്കുന്നതോടെത്തന്നെ നോമ്പു പൂർത്തിയാവുന്നു. പക്ഷെ വ്രതത്തിന്ന് രാത്രിയുടെ പരിധിക്കുള്ളിൽ പ്രവേശമുണ്ടെന്നാണ് ശിയാക്കളുടെ അഭിപ്രായം. ഇതനുസരിച്ച് രാത്രി ആരംഭിച്ച് കഴിഞ്ഞശേഷമേ വ്രതമവസാനിപ്പിക്കാൻ പാടുള്ളൂ.

ഹദീസ്റിപ്പോർട്ടർമാരുടെ സ്വീകാര്യതക്കുള്ള മാനദണ്ഡങ്ങളും വ്യത്യസ്തങ്ങളാണ്. ഒരു ഉദാഹരണം:

മുഹമ്മദ്ബ്നു ജഅ്ഫർ ഗുൻദർ പ്രസിദ്ധനായൊരു റിപ്പോർട്ടറാണ്."അസ്മാഉർറിജാലി"ൽ (റിപ്പോർട്ടർമാരുടെ ജീവചരിത്ര ഗ്രന്ഥങ്ങൾ) അദ്ദേഹത്തെപ്പറ്റി ഒരു സംഭവം രേഖപ്പെടുത്തിയതായി കാണാം. ഒരിക്കൽ അദ്ദേഹത്തിന്നു മത്സ്യം തിന്നാൻ ആഗ്രഹം ജനിച്ചു. അങ്ങനെ അങ്ങാടിയിൽചെന്നു മത്സ്യം വാങ്ങിക്കൊണ്ടുവന്ന് ഭാര്യയോടത് പാകം ചെയ്യാൻ പറഞ്ഞു. ക്ഷീണം കാരണം അദ്ദേഹം അല്പമൊന്നു മയങ്ങിപ്പോയി. മത്സ്യം പാകം ചെയ്തുകൊണ്ടുവന്ന ഭാര്യ കണ്ടത് ഉറങ്ങിക്കിടക്കുന്ന ഭർത്താവിനെയാണ്. അവർക്കൊരു തമാശതോന്നി. ചൂടു വിട്ടുമാറിയിട്ടില്ലാത്ത മത്സ്യം ഭർത്താവിന്റെ കയ്യിൽവെച്ചു. എന്നിട്ടും അദ്ദേഹം കണ്ണു തുറന്നില്ല. അവരത് അടുക്കളയിൽതന്നെ കൊണ്ടുവെച്ചു. കുറച്ചു കഴിഞ്ഞപ്പോൾ മുഹമ്മദ്ബ്നു ജഅ്ഫർ ഉറക്കമുണർന്നു. മത്സ്യം ഇനിയും പാകമായില്ലേ എന്ന് ഭാര്യയോടന്വേഷിച്ചു. അപ്പോൾ അവർ വീണ്ടും ഒരു തമാശ പ്രയോഗിച്ചു. അയ്യേ ഇത്ര വേഗം മറന്നോ? തിന്നിട്ടല്ലേ നിങ്ങളുറങ്ങിയത്? അദ്ദേഹമത് സമ്മതിച്ചില്ല. അപ്പോൾ അവർ പറഞ്ഞു: "കൈ മണത്തുനോക്കൂ." കൈ മണത്തപ്പോൾ ഭാര്യ പറഞ്ഞത് ശരിയാണെന്ന് അദ്ദേഹത്തിന്നും തോന്നി.

ഈ സംഭവത്തെ അടിസ്ഥാനമാക്കി ചില ഹദീസ് നിരൂപകന്മാർ അദ്ദേഹം ശ്രദ്ധ കുറഞ്ഞ ആളാണെന്ന് വിധിയെഴുതുകയും അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ സ്വീകരിക്കാൻ മടിക്കുകയും ചെയ്യുന്നു. റിപ്പോർട്ടിങ്ങിൽ അശ്രദ്ധനാണെന്ന് തെളിയിക്കാൻ മാത്രം പര്യാപ്തമല്ല ഈ സംഭവമെന്നാണ് മറ്റൊരു വിഭാഗം നിരൂപകന്മാരുടെ അഭിമതം. തദടിസ്ഥാനത്തിൽ അവർ അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ സ്വീകരിക്കുകയും ചെയ്യുന്നു.

അങ്ങാടിയിൽനിന്ന് ഭക്ഷണം കഴിക്കൽ ഇന്ന് മാന്യതക്ക് നിരക്കാത്ത സമ്പ്രദായമല്ല. ലക്ഷക്കണക്കിലാളുകൾ ഹോട്ടലുകളിൽനിന്ന് ഭക്ഷണം കഴിക്കുന്നുണ്ട്. പക്ഷെ, ഒരു കാലത്ത് അങ്ങാടിയിൽനിന്ന് ഭക്ഷണം കഴിക്കുക എന്നത് വലിയ കുറച്ചിലുള്ള കാര്യമായിരുന്നു. അത്തരമാൾക്കാരെ ഹദീസ് പണ്ഡിതന്മാർ അംഗീകരിച്ചിരുന്നില്ല. ഇപ്രകാരം അഭിരുചികളും കീഴ്വഴക്കങ്ങളും മാറുന്നതിനനുസരിച്ച് സ്വീകാര്യതയുടെ മാനദണ്ഡവും മാറിവരുന്നു. അതിനാൽ, മുജ്തഹിദ് കീഴ്വഴക്കങ്ങളും പരിഗണിക്കേണ്ടതുണ്ട്. കാലസ്ഥിതിയും ജനങ്ങളുടെ അത്യാവശ്യകതകളും പരിഗണനാർഹങ്ങളായ ഘടകങ്ങളാണ്. ചില വസ്തുക്കൾ അനുവദനീയങ്ങളായിരിക്കില്ല. പക്ഷെ അവയിൽനിന്ന് അകന്ന് നിൽക്കാൻ വളരെ പ്രയാസമുള്ള പരിതഃസ്ഥിതികളിൽ അവ അനുവദനീയമാക്കാൻ നാം നിർബന്ധിതരാവുന്നു. "നിർബന്ധിത സാഹചര്യങ്ങൾ നിരോധങ്ങളെ അനുവദനീയമാക്കുന്നു" എന്നത് കർമ്മശാസ്ത്രത്തിലെ സാർവാംഗീകൃത തത്വമത്രെ. കർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ അതിന്നു ധാരാളം ഉദാഹരണങ്ങൾ കാണാൻ കഴിയും.

പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുന്നതിൽ മുജ്തഹിദിന്നു ഏതെല്ലാം ഘട്ടങ്ങൾ തരണം ചെയ്യേണ്ടതുണ്ടെന്ന് ഉപര്യുക്ത വിശദീകരണങ്ങളിൽനിന്ന് വ്യക്തമായല്ലോ. അതിനാൽ അല്ലാഹുവിലും തിരുദൂതരിലും വിശ്വസിക്കുകയും കിത്താബും സുന്നത്തും അംഗീകരിക്കുകയും അവലംബിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ അഭിപ്രായ ഭേദങ്ങളുണ്ടാവാം. ദൈവം ഒന്ന്, പ്രവാചകൻ ഒന്ന്, ഖുർആൻ ഒന്ന്, തിരുമേനിയുടെ അദ്ധ്യാപനങ്ങൾ ഖണ്ഡിതവും--എന്നിട്ടും സമുദായമദ്ധ്യേ ഇത്ര വലിയ അഭിപ്രായ ഭിന്നതകളെങ്ങനെയുണ്ടായി എന്ന് അജ്ഞരായ ജനങ്ങൾ അത്ഭുതപ്പെടുന്നു. ഇത്തരുണത്തിൽ രസകരമായൊരു സംഭവം ഓർക്കുകയാണ്.

ഒരിക്കൽ എന്റെ വന്ദ്യനായൊരു ബന്ധു വീട്ടിൽവന്നു. അപ്പോൾ പ്രസിദ്ധ ഹദീസ് ഗ്രന്ഥമായ 'ജാമിഅ് തിർമുദി'യുടെ ഉർദു വിവർത്തനമുണ്ടായിരുന്നു മേശപ്പുറത്ത്. അതുകണ്ടപ്പോൾ അദ്ദേഹത്തിന്നതിൽ താല്പര്യം ജനിച്ചു. കുറച്ചു ദിവസത്തേക്ക് അത് വായിക്കാൻ കൊടുക്കണമെന്നായി. കർമ്മശാസ്ത്ര വിശാരദന്മാരുടെ അഭിപ്രായ ഭേദങ്ങളും ഓരോ അഭിപ്രായത്തിന്നും ആധാരമായി

വർത്തിക്കുന്ന തെളിവുകളും അതിൽ പരാമർശിക്കപ്പെട്ടിരുന്നു. അതെല്ലാം ഗ്രഹിക്കാൻ മാത്രമുള്ള ബുദ്ധിപരമായ നിലവാരം അദ്ദേഹത്തിനുണ്ടായിരുന്നില്ല. തന്മൂലം അദ്ദേഹത്തിന്ന് നല്കാൻ ഞാൻ മടിച്ചു. പക്ഷെ, പ്രായവും ഞങ്ങൾ തമ്മിലുള്ള ബന്ധവും പരിഗണിച്ച് അദ്ദേഹത്തിന്റെ ആവശ്യം നിരാകരിക്കാൻ എനിക്ക് സാധിച്ചില്ല. അദ്ദേഹം പുസ്തകവുമെടുത്തു പോയി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഒട്ടും തൃപ്തികരമല്ലാത്ത ഭാവത്തിൽ പുസ്തകം തിരികെ തന്നുകൊണ്ടു പറയാൻ തുടങ്ങി: “മൗലവിമാർ ദീൻ തകിടം മറിച്ചിരിക്കയാണ്. അല്ലാഹു ഒന്ന്, റസൂൽ ഒന്ന്, ഖുർആൻ ഒന്ന്, എന്നിട്ടും ചിലരൊന്ന് പറയുമ്പോൾ വേറൊരു കൂട്ടർ മറ്റൊന്ന് പറയുന്നു. ഇന്നയാൾ ഇങ്ങനെ പറയുന്നു, ഇന്നയാൾ അങ്ങനെ പറയുന്നു, എന്നൊക്കെയാണ് തിരുമേനിയുടെ ഹദീസുകൾ വിവരിക്കപ്പെടുന്നത്.’’ ഹദീസുകളിൽനിന്നും ഖുർആൻ സൂക്തങ്ങളിൽനിന്നും സത്യസന്ധമായ അപഗ്രഥനത്തിലൂടെ പ്രശ്നങ്ങൾ ഉരുത്തിരച്ചെടുക്കുമ്പോൾ അഭിപ്രായ ഭിന്നതകളുണ്ടാവുന്നത് സ്വാഭാവികമാണെന്ന് അദ്ദേഹത്തെ ധരിപ്പിക്കാൻ ഞാൻ ശ്രമിച്ചു. പക്ഷെ, അദ്ദേഹത്തിന്റെ വൈജ്ഞാനികവും ധിഷണാപരവുമായ നിലവാരത്തിൽനിന്നു വളരെ ഉയർന്നതായിരുന്നു ഈ കാര്യങ്ങൾ. അതിനാൽ ഞാൻ പറഞ്ഞതൊന്നും അദ്ദേഹത്തിനു മനസ്സിലായില്ല. മൗലവിമാർ ദീൻ കണ്ടംതുണ്ടമാക്കിയിരിക്കയാണെന്ന തന്റെ വാദം ആവർത്തിച്ചുകൊണ്ടിരിക്ക മാത്രം ചെയ്തു.

ഇത് വ്യക്തിപരമായൊരനുഭവമാണെങ്കിലും ഈ ധാരണ പുലർത്തുന്ന ആയിരക്കണക്കിലാളുകളുണ്ട്. പക്ഷെ ചിന്തിക്കുന്നവർക്കറിയാം പ്രശ്നങ്ങൾ അപഗ്രഥിക്കുമ്പോൾ ഏതെല്ലാം ദുഷ്കര മാർഗ്ഗങ്ങൾ മുജ്തഹിദുകൾക്ക് തരണം ചെയ്യേണ്ടതായുണ്ടെന്ന്. അവരുടെ നിഗമനങ്ങളിൽ വൈവിധ്യമുണ്ടാവാമെന്ന് മാത്രമല്ല അതനിവാര്യമാണെന്ന് കൂടി അവർക്കറിയാം. ഈ വസ്തുത എല്ലാവരും മനസ്സിലാക്കിയാൽ സമുദായത്തിലെ വിവിധ ഗ്രൂപ്പുകൾക്കിടയിലുള്ള തെറ്റിദ്ധാരണ നീങ്ങുകയും തൽസ്ഥാനത്ത് സദ്വിചാരം സൃഷ്ടിക്കപ്പെടുകയും ചെയ്യും.

ഏതൊരു ഇമാമിന്റെയും മുജ്തഹിദിന്റെയും അന്വേഷണഫലങ്ങൾ അവകെട്ടിപ്പടുത്ത അടിത്തറകൾ ഏതാണെന്ന് വ്യക്തമാവാതെ സ്വീകരിക്കാൻ സാധ്യമല്ലെന്നുകൂടി ഇതിൽനിന്ന് മനസ്സിലാക്കാം. എന്ത്കൊണ്ടെന്നാൽ പ്രസ്തുത ആധാരശിലകൾ മറ്റ് ചിലരുടെയടുക്കൽ പ്രമാണികമാവണമെന്നില്ല. അത്പോലെത്തന്നെ ഏതെങ്കിലുമൊരു കാലഘട്ടത്തിലെ ഗവേഷണ നിഗമനം മറ്റൊരു കാലഘട്ടത്തിൽ ശരിയായിക്കൊള്ളണമെന്നുമില്ല. ഒരു കാലത്ത് വൈജ്ഞാനിക ഗവേഷണത്തിന്റെ ഏറ്റവും മഹത്തായ നേട്ടങ്ങളായി കരുതപ്പെട്ടിരുന്ന പല കാര്യങ്ങളും ഇന്ന് സ്കൂൾ കുട്ടികളുടെ പരിഹാസ്യപാത്രങ്ങളായ വ്യർത്ഥസങ്കല്പങ്ങളായി മാറിയിരിക്കയാണ്. ഭൂമി നിശ്ചലമാണെന്ന് ആരെങ്കിലുമിന്ന് പറയുമോ? നക്ഷത്രങ്ങളെ ആകാശത്തിന്റെ മേൽത്തട്ടിൽ ഒട്ടിച്ചുവെച്ചിരിക്കയാണെന്ന് ആരെങ്കിലും മനസ്സിലാക്കുമോ? ബാഹ്യാകാശയാത്രയുടെ സാധ്യത നിരാകരിക്കാൻ ആരെങ്കിലും ഒരുമ്പെടുമോ? എന്നാൽ മുമ്പത്തെ സ്ഥിതി ഇതിൽനിന്നെല്ലാം ഭിന്നമായിരുന്നു. അന്നത്തെ ബുദ്ധിജീവി ഈ കാര്യങ്ങളിലെല്ലാം അടിയുറച്ചു വിശ്വസിച്ചു. അവ സമ്മതിക്കാത്തവരെ ബുദ്ധിഹീനരെന്ന് മുദ്രകുത്തി. അരിസ്റ്റോട്ടിലിന്റെ ‘തത്തകൾ’ സംസാരിച്ചിരുന്ന കാലത്തെ തഫ്സീർ ഗ്രന്ഥങ്ങൾ പരിശോധിച്ചു നോക്കുക. പ്രസ്തുത ‘ശാസ്ത്രീയ സത്യങ്ങൾ’ സ്ഥാപിക്കാൻ എന്തെല്ലാം തെളിവുകളാണ് നിരത്തിവെച്ചിരിക്കുന്നതെന്നോ? ഇന്നത്തെ ഒരു സാധാരണ ഖുർആൻ വിദ്യാർത്ഥി പോലും വ്യാഖ്യാനകലയിൽ അഗ്രഗണ്യനായ ഇമാംറാസി(റ) ഈ വിഷയകമായി നടത്തിയ പരാമർശങ്ങൾ പരിഹസിച്ചുതള്ളും.

“വിശുദ്ധഖുർആൻ പഠിപ്പിക്കുമ്പോൾ ഖുർആനിലെ പദങ്ങളെന്താണെന്ന് ശ്രദ്ധിക്കുക. അതോടൊപ്പം തൽസംബന്ധമായി മുഫസ്സിറുകൾ എഴുതിയതെന്താണെന്നും പ്രത്യേകം ഗ്രഹിക്കുക. എതിരാളികളുടെ മിക്ക വിമർശനങ്ങളും ഖുർആനെ ബാധിക്കുന്നവയല്ല. അതിനാൽ ഒരു സൂക്തത്തിന് അനേകം വിവക്ഷിതങ്ങളുണ്ടാവാമെങ്കിൽ വിമർശനത്തിനതീതമായ വിവക്ഷിതമായിരിക്കണം സ്വീകരിക്കേണ്ടത്.”

ജനങ്ങൾ പൊതുവിൽ പൂർവികരായ മതപണ്ഡിതന്മാരുടേയും കർമ്മശാസ്ത്ര വിശാരദന്മാരുടേയും ഖുർആൻ വ്യാഖ്യാതാക്കളുടേയും അഭിപ്രായങ്ങളെ അവസാന വാക്കായി സ്വീകരിച്ചു കളയുന്നുവെന്നതാണ് ഇതിൽ ഏറെ വിഷമകരമായ പ്രശ്നം. അവരുടെ അനുകരണ വൃത്തത്തിൽനിന്ന് കാലു പുറത്തുവെച്ചാൽ പിന്നെ മതഭ്രഷ്ടനായി എന്നാണ് മനസ്സിലാക്കപ്പെടുന്നത്. പൂർവികരുടെ മതഭക്തിയിലോ മഹത്വത്തിലോ പാണ്ഡിത്യത്തിലോ നമുക്ക് ഒട്ടും സംശയമില്ല. പക്ഷെ കാലത്തിന്റെയും ചുറ്റുപാടിന്റെയും ശാസ്ത്രീയഗവേഷണങ്ങളെപ്പറ്റി ഒരു വീണ്ടുവിചാരം ആവശ്യമായി വന്നിരിക്കയാണ്. അവരുടെ ദീർഘദൃഷ്ടികൾ വളരെ ദൂരങ്ങൾ ചെന്നെത്തിയിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷെ അതിനുമുണ്ടല്ലോ ഒരു പരിധി. ദിവ്യസൂക്തങ്ങളുടെ വിവക്ഷിതം നിജപ്പെടുത്താൻ അവർ ഗവേണ സാഗരങ്ങളിൽ മുങ്ങിത്തപ്പിയിട്ടുണ്ട്. പക്ഷെ ഈ മഹൽ ഗുണങ്ങളോടൊപ്പം അവരുടെ കഴിവുകൾക്കും പരിമിതികളുണ്ടായിരുന്നു. അവർ ഒരിക്കലും അദൃശ്യജ്ഞാനികളായിരുന്നില്ലല്ലോ. ദിവ്യജ്ഞാനത്തെ ചൂഴ്ന്ന് നിൽക്കുന്നവരുമല്ല. അതിനാൽ പരിതഃസ്ഥിതകളുടെ മാറ്റം അവരുടെ ചിന്താഗതികളിലും അഭിപ്രായങ്ങളിലും മാറ്റം അനിവാര്യമാക്കിത്തീർക്കുന്നു. ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞപോലെ ശാശ്വതികത്വം ദൈവത്തിന്റെ അസ്തിത്വത്തിന്ന് മാത്രം ബാധകമായ ഗുണമാണ്. ഭാവിയെസംബന്ധിച്ചും പൂർണജ്ഞാനം അവന്നേ ഉള്ളൂ. അവന്റെ വചനങ്ങൾക്ക് ഭൂതകാലത്തിലെയും പ്രാപ്ത കാലത്തിലേയും പ്രശ്നങ്ങൾക്കെന്നപോലെ ഭാവിയിലെ പ്രശ്നങ്ങൾക്കും പരിഹാരം നൽകാനുള്ള കരുത്തുണ്ട്. അതിനാൽ കാലം പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോൾ ഏതെങ്കിലും ഫത്വകളുടെ സമാഹാരമോ ഏതെങ്കിലും കർമ്മശാസ്ത്രകാരൻ ക്രോഡീകരിച്ച ‘മസ്അലകളോ’ അവലംബിക്കുന്നതിനു പകരം കിത്താബും സുന്നത്തും പരിശോധിക്കുക. അത് ഉപരിപ്ലവമായൊരു സമീപനമായിരിക്കരുത്. അഗാധചിന്തയോടും ഉൾക്കാഴ്ചയോടും കൂടിയായിരിക്കണം ഓരോ പദങ്ങളേയും സമീപിക്കുന്നത്. തിരുസുന്നത്തും സഹാബികളുടെ കർമ്മമാതൃകകളും പഠിക്കണം. മഹാന്മാരായ കർമ്മശാസ്ത്രപടുക്കളുടെ ഗവേഷണരീതി മനസ്സിലാക്കണം. ഇസ്ലാമിന്റെ മൗലിക പ്രമാണങ്ങൾ ഈ പരിതഃസ്ഥിതകളുമായി പൊരുത്തപ്പെടുത്താനുള്ള സർവ്വ ശ്രമങ്ങളും നടത്തണം. എങ്കിൽ മാത്രമേ

ഇസ്‌ലാമിന്റെ പ്രഭാകിരണങ്ങൾ ആധുനിക യുഗത്തിലെ തമോനിബിഡമായ വഴിത്താരകളെ പ്രകാശമാനമാക്കുകയുള്ളൂ. ഇതിന്ന്, കാലഘട്ടത്തിന്റെ താല്പര്യങ്ങളെപ്പറ്റി അറിവും ഇസ്‌ലാമികാധ്യാപനങ്ങളുടെ സ്രോതസ്സുകളിൽ അഗാധമായ ഉൾക്കാഴ്ചയുമുള്ള വ്യക്തിത്വങ്ങൾ വളർന്നുവരേണ്ടിയിരിക്കുന്നു. പക്ഷെ അത്തരം മേധാശക്തികൾ ഇന്നു സുലഭമല്ല. അതിനാൽ ആധുനിക വിജ്ഞാനങ്ങളിലും ഇസ്‌ലാമിക വിജ്ഞാനങ്ങളിലും പരിജ്ഞാനമുള്ള പ്രതിഭകൾ കൂടിച്ചേർന്ന് ഒരു ഗവേഷണ സമിതി രൂപീകരിക്കേണ്ടിയിരിക്കുന്നു. ആധുനിക വിജ്ഞാനങ്ങളിൽ പാണ്ഡിത്യമുള്ളവർ കാലഘട്ടത്തിന്റെ താല്പര്യങ്ങൾ മനസ്സിലാക്കുകയും ഇസ്‌ലാമിക വിജ്ഞാനങ്ങളിൽ പാണ്ഡിത്യമുള്ളവർ പ്രസ്തുത താല്പര്യങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമിക ശരീഅത്തിന്റെ സ്രോതസ്സുകൾ അവലോകനം ചെയ്യുകയും വേണം. ദിവ്യഗ്രന്ഥത്തിലെ ശാശ്വത സൂക്തങ്ങളിൽ അഗാധമായി ദൃഷ്ടിയൂന്നുക, പ്രവാചക നിർദേശങ്ങൾ വിശാല വീക്ഷണത്തോടെ പാരായണം ചെയ്യുക. ദൈവികോദ്ദേശ്യങ്ങളുടേയും തിരുമേനിയുടെ അധ്യാപനങ്ങളുടേയും വെളിച്ചത്തിൽ കാലഘട്ടത്തിന്റെ സങ്കീർണ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നിവയാണ് അവരുടെ ചുമതല.

അഗാധജ്ഞാനം, വിശാല വീക്ഷണം, കാലഘട്ടത്തിന്റെ താല്പര്യങ്ങളെ സംബന്ധിച്ച പരിജ്ഞാനം ഇതെല്ലാമുള്ളതോടൊപ്പം ധീരതയും ഈ രംഗത്ത് ആവശ്യമാണ്. നിരന്തരമായ നിരീക്ഷണ ഗവേഷണങ്ങൾക്കുശേഷം എത്തിച്ചേരുന്ന നിഗമനങ്ങൾ തുറന്ന് പ്രകടിപ്പിക്കാനുള്ള ധൈര്യം അവർക്കുണ്ടായിരിക്കണം. അങ്ങേയറ്റത്തെ വിഷമ സന്ധികളിൽ ദീൻ ഉദ്ധരിക്കാനും അധഃപതനോന്മുഖമായ സമൂഹത്തിന് ശക്തി പ്രദാനം ചെയ്യാനും ഉയിർത്തെഴുന്നേറ്റ നമ്മുടെ പൂർവഗാമികൾ, അന്ധമായ അനുകരണാഭാസങ്ങളിൽ മുഴുകിക്കഴിഞ്ഞിരുന്ന പൊതുജനങ്ങളുടെയും നിക്ഷിപ്ത താല്പര്യക്കാരും ആഡംബര പ്രമത്തരുമായ പ്രത്യേക വിഭാഗത്തിന്റെയും എതിർപ്പുകൾ വകവെക്കാതെ തങ്ങൾ മനസ്സിലാക്കിയ സത്യം തുറന്നു പ്രഖ്യാപിച്ചവരാണ്. ഹജ്ജാജുബ്നു യൂസുഫിന്റെ ഖഡ്ഗത്തിന്ന് സഈദുബ്നു ജുബൈറിന്റെ ജീവനപഹരിക്കാൻ കഴിഞ്ഞു. പക്ഷെ അന്ത്യശ്വാസം വരെ സത്യത്തിന്റെ ആ ശബ്ദം മർദ്ദിച്ചൊതുക്കാൻ കഴിഞ്ഞില്ല. മൻസൂറിന്റെ കൊരടാവുകൾക്ക് ഇമാംമാലിക്കിന്റെ ജിഹ്വയെ യാഥാർത്ഥ്യം പറഞ്ഞു മനസ്സിലാക്കുന്നതിൽനിന്ന് വിലക്കാൻ കഴിഞ്ഞില്ല. ഇബ്നു റുശ്ദും ഇബ്നു തൈമിയ്യയും ഗസ്സാലിയും റാസിയും സർഹിന്ദിയും വലിയുല്ലാഹിദ്ദഹ്‌ലവിയും ഇസ്മാഈൽ ശഹീദും ജമാലുദ്ദീൻ അഫ്ഗാനിയുമെല്ലാം മുരട്ടു ചിന്താഗതിക്കാരും അനുകരണ ഭ്രമക്കാരുമായ ഈ വിഭാഗത്തിന്റെ മാപ്പ് ലഭിക്കാത്തവരായിരുന്നു. എങ്കിലും അവരെല്ലാം നിർഭീതം സത്യത്തിന്റെ ശബ്ദം ഉയർത്തി. ഫലം– സത്യം പുലരുകയും അസത്യം തകരുകയും ചെയ്യുന്ന ചിത്രം ലോകം ദർശിച്ചു.

●